വെള്ളിയാഴ്ച ദിവസം ഇമാം ഖുത്വ്ബ പറഞ്ഞു കൊണ്ടിരിക്കെ
നിൻ്റെ സഹോദരനോട് 'മിണ്ടാതിരിക്കൂ' എന്ന് പറഞ്ഞാൽ നീ
അനാവശ്യം പ്രവർത്തിച്ചിരിക്കുന്നു
ُه عَنُْه- റൈറുഹൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: "വെള്ളിയാഴ്ച ദിവസം ഇമാം ഖുത്വ്ബ
പറഞ്ഞു കൊണ്ടിരിക്കെ നിൻ്റെ സഹോദരനോട് 'മിണ്ടാതിരിക്കൂ' എന്ന് പറഞ്ഞാൽ നീ
അനാവശ്യം പ്രവർത്തിച്ചിരിക്കുന്നു."
[صحيح] [متفق عليه]
വെള്ളിയാഴ്ച്ച ദിവസം ഖുത്വ്ബക്ക് സന്നിഹിതനായാൽ ഖതീബിൻ്റെ സംസാരം നിശബ്ദമായി
ശ്രദ്ധിച്ചു കേൾക്കുക എന്നത് നിർബന്ധ ബാധ്യതയാണെന്ന് നബി -صلى الله عليه وسلم- ഈ ഹദീഥിലൂടെ
വിവരിക്കുന്നു. എന്നാൽ മാത്രമേ കേൾക്കുന്ന ഉപദേശത്തെ കുറിച്ച് ചിന്തിക്കാൻ
കഴിയുകയുള്ളൂ. ഇമാം ഖുത്വ്ബ നിർവ്വഹിച്ചു കൊണ്ടിരിക്കെ ആരെങ്കിലും -വളരെ ചെറിയ ഒരു
സംസാരമാണെങ്കിൽ പോലും-, അടുത്തുള്ള വ്യക്തിയോട് 'മിണ്ടാതിരിക്കൂ' എന്നോ,
'ശ്രദ്ധിച്ചു കേൾക്കൂ' എന്നോ പറഞ്ഞാൽ പോലും അവൻ്റെ വെള്ളിയാഴ്ച്ച ദിവസത്തെ ശ്രേഷ്ഠത
അവന് നഷ്ടമാകും.
https://sunnah.global/hadeeth/ml/show/3107